K.S.T.A. STATE COMMITTEE OFFICE TVPM-14

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - അംഗികാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ എഴുതുന്നതും സർക്കാർ /എയ്ഡഡ്/ അംഗീകൃത സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ(സാധാ) നം: 2055/10/പൊവിവ തീയതി, തിരുവനന്തപുരം, 17/5/2010**

---

പരാമർശം: 1. സ.ഉ.(സാധാ) നമ്പർ 1977/09/പൊ.വി.വ തീയതി 23/5/2009.
2. സ.ഉ(സാധാ) നമ്പർ 3742/09/പൊ.വി.വ. തീയതി. 5/9/2009.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/3/2010-ലെ എച്ച്(1)/62160/09/ഡി.പി.ഐ. നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2009-10 അദ്ധ്യയന വർഷം അംഗീകാരമുള്ള സ്കൂളിൽ ചേർന്ന് പഠനം തുടരാൻ പരാമർശിത ഉത്തരവുകൾ പ്രകാരം അനുമതി നല്കിയിരുന്നു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളിൽ നിരവധി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്നും ഈ വിദ്യാർത്ഥികളെ അംഗീകാരമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് അനുമതി നല്കണമെന്നും കാണിച്ച് നിരവധി രക്ഷിതാക്കൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല ഉത്തരവ് നൽകാവുന്നതാണെന്ന് പരാമർശം മൂന്നിലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ഇ.ആറിലെ അദ്ധ്യായം 6 ചട്ടം 8 പ്രകാരം നാലാംക്ലാസ്സുവരെ സ്വകാര്യ വിദ്യാഭ്യാസം അനുവദനീയമാണ്. എന്നാൽ അംഗീകാരമില്ലാത്തതും അനധികൃതവുമായ ചില സ്കൂളുകൾ തുടർന്നുള്ള ക്ലാസ്സുകളിൽ വിദ്യാർത്ഥികളെ ചേർത്ത് പഠിപ്പിച്ചുവരുന്നുണ്ട്. ഇത്തരത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ഇവരെ അംഗീകാരമുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് അനുമതി തേടി സർക്കാരിനെ സമീപിക്കുന്നുണ്ട്. കൂടാതെ ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് സംസ്ഥാനത്ത് മടങ്ങിയെത്തിയ നിരവധി വിദ്യാർത്ഥികളുടെ തുടർ പഠനം നിലവിലെ വ്യവസ്ഥകൾ കാരണം തടസ്സപ്പെടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള സർക്കാർ ലക്ഷ്യം തടസ്സപ്പെടുന്ന ഈ പ്രത്യേക സ്ഥിതി പരിഗണിച്ച്

കെ.ഇ.ആർ.അദ്ധ്യായം 1 ചട്ടം 3 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഇളവ് വരുത്തി ഇവർക്ക് തുടർ പഠനം നടത്തുന്നതിന് അവസരം ഒരുക്കേണ്ടതുണ്ട് എന്ന് സർക്കാർ കരുതുന്നു. മേൽപറഞ്ഞ സാഹചര്യത്തിൽ കെ.ഇ.ആർ അധ്യായം 6 ചട്ടം 8ലെ വ്യവസ്ഥയിൽ ഇളവു വരുത്തി ഇത്തരം വിദ്യാർത്ഥികൾക്ക് സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത സ്കൂളുകളിൽ 2010-11 അദ്ധ്യയന വർഷം ചേർന്ന് പഠിക്കാൻ താഴെപറയും പ്രകാരം ഉത്തരവാകുന്നു.

1. സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ചു വരുന്ന കുട്ടികൾക്ക് സർക്കാർ അംഗീകരിച്ച സ്കൂളുകളിലെ 10 വരെയുള്ള ക്ലാസുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ വയസ് പോലുള്ള നിബന്ധനകൾക്ക് വിധേമായി തൊട്ടുതാഴെ ക്ലാസിൽ നിന്ന് ഉയർന്ന ക്ലാസിലേയ്ക്ക് പ്രമോഷന് അർഹരാകുവാൻ വേണ്ടി താഴെ ക്ലാസിൽ യോഗ്യതാ എഴുത്തു പരീക്ഷ നടത്താൻ അതത് സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുന്നു. ഇങ്ങനെ ചേർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിൽ തൊട്ട് താഴെയുള്ള ക്ലാസ് ഇല്ലെങ്കിൽ അത്തരം ക്ലാസുകളുള്ള മറ്റ് അംഗീകൃത സ്കൂളിൽ പരീക്ഷ നടത്താവുന്നതാണ്.അങ്ങനെ പരീക്ഷ നടത്തിയ സ്കൂളിൽ നിന്ന് പ്രമോഷന് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഉയർന്ന ക്ലാസുകളിൽ ഈ വിദ്യാർത്ഥികൾക്ക് ടി.സി.ഇല്ലാതെ പ്രവേശനം കൊടുക്കാവുന്നതാണ്.

2. അംഗീകാരമില്ലാത്ത സ്കൂളുകളിൽ നാലാംക്ലാസിലും താഴെയും പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഉയർന്ന ക്ലാസുകളിൽ സർക്കാർ അംഗീകൃത വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കണമെങ്കിൽ, മുൻ ഖണ്ഡിക പ്രകാരമുള്ള യോഗ്യതാപരീക്ഷാ നടത്താൻ അതത് ഗവൺമെൻറ്/ എയ്ഡഡ്/അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാരെ ചുമതലപ്പെടുത്തുന്നു.

3. ഈ വിദ്യാർത്ഥികളുടെ പ്രമോഷനുവേണ്ടി തുടർ മൂല്യനിർണയത്തിൻെറ (സി.ഇ) സ്കോർ പരിഗണിക്കേണ്ടതില്ല. വിവിധ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെ മാത്രം സ്കോർ പരിഗണിച്ചാൽ മതി.

4. 2010-11 അദ്ധ്യയന വർഷം സർക്കാർ അംഗീകൃത സ്കൂളുകളിൽ ചേർന്ന് തുടർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ **28/05/2010-ന് മുമ്പായി** അപേക്ഷ ബന്ധപ്പെട്ട ഗവൺമെൻറ്/ എയ്ഡഡ്/ അംഗീകൃത സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതും ഹെഡ്മാസ്റ്റർമാർ സഹാദ്ധ്യാപകരുടെ സഹായത്തോടെ വിവിധ വിഷയങ്ങളുടെ യോഗ്യതാപരീക്ഷ നടത്തേണ്ടതും പരീക്ഷാഫലം 31/5/2010- നു മുമ്പായി പ്രസിദ്ധീകരിക്കേണ്ടതും അർഹരായവരെ തൊട്ടുയർന്ന ക്ലാസിൽ ടി.സി.ഇല്ലാതെ പ്രവേശനം അനുവദിക്കുന്നതിനുള്ള അവസാന തീയതി 4/6/2010 ആയും നിശ്ചയിച്ചിരിക്കുന്നു.

K.S.T.A. STATE COMMITTEE OFFICE TVPM-14

5. സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികൾ സാധാരണയായി പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും ടി.സി. ഒഴികെയുള്ള കാര്യങ്ങളിൽ ഹെഡ്മാസ്റ്റർമാർ ഉറപ്പാക്കേണ്ടതാണ്.

ഈ വർഷത്തെ സവിശേഷ സാഹചര്യം നിമിത്തമാണ് ഇങ്ങനെ പ്രത്യേക അനുമതി നല്കുന്നത്. ഭാവിയിൽ ഇതനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.ക്രിസ്തു ദാസ്
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാകമ്മീഷണർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർമാർക്കു
എല്ലാ ജില്ലാ വിദ്യാഭ്യാസഓഫീസർമാർക്കും } (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ വിവരപൊതുജന സമ്പർക്കവകുപ്പ്
(വ്യാപകമായ പ്രചാരണം നൽകുന്നതിന്)
ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ